**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പരിശീലനത്തിനാവശ്യമായ തുക ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം.665/2013/തസ്വഭവ. തിരുവനന്തപുരം, തിയതി, 16.03.2013.

പരാമർശം:- 1. സ.ഉ.(സാധാ) നം. 1772/2012/തസ്വഭവ തീയതി, 27.06.2012.

2. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 24.08.2012, 06.02.2013 തീയതികളിലെ IKM/LoBE/CWG/26/2012 നമ്പർ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 06.12.2012 ലെ ജെ 5-19545/12 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി സംസ്ഥാനത്തെ 978 ഗ്രാമ പഞ്ചായത്തുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഒരു വർഷത്തേയ്ക്ക് മാത്രം നിയമിക്കുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇപ്രകാരം നിയമിതരാകുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് പരിശീലനം നൽകുന്നതിനുള്ള ഒരു നിർദ്ദേശം പരാമർശം (2) ലെ കത്ത് പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ സമർപ്പിച്ചിരുന്നു. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പരിശീലനം അനിവാര്യമായും അടിയന്തിരമായും നടത്തേണ്ടതാണെന്ന് പരാമർശം (3)ലെ കത്തു പ്രകാരം പഞ്ചായത്ത് ഡയറക്ടറും ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സൂചന (1) ലെ സർക്കാർ ഉത്തരവു പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പുതുതായി നിയമിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് കില മുഖാന്തിരം നടത്തുന്ന 12 ദിവസത്തെ പരിശീലന പരിപാടിക്ക് ആവശ്യമായ 12,000/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം / തനതു ഫണ്ട് /ജനറൽ പർപ്പസ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി ഇൻഫർമേഷൻ കേരള മിഷന് നൽകാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബി. സുരേന്ദ്രൻപിള്ള
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് /സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേ
ഡയറക്ടർ, കില
തദ്ദേശ സ്വയംഭരണ (എഫ്. എം) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ